# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 229 — 05.10.2016-ൽ മറുപടിക്ക്.

## തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ<br>,, ജോർജ് എം. തോമസ്<br>,, മുരളി പെരുനെല്ലി<br>,, കെ.സുരേഷ് കുറുപ്പ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി |
| (എ) മുൻ സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിച്ചപ്പോൾ അവരുടെ ജോലിഭാരവും വർദ്ധിപ്പിച്ച എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) പ്ലാന്റേഷൻ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു.തൊഴിൽ വകുപ്പ് മന്ത്രി 06.09.2016-ന് വിളിച്ചുചേർത്ത തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിൽ മിനിമം വേതനം പരിഷ്ക്കരിച്ച വിജ്ഞാപനത്തിൽ ഇരു വിഭാഗങ്ങൾക്കും അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ സമവായം ഉണ്ടാക്കാനും ആവശ്യമെന്നു കണ്ടാൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം തീരുമാനിക്കാനും ധാരണയായിട്ടുണ്ട് |
| (സി) പ്രസ്തുത പ്രശ്നം പരിഹരിയ്ക്കുന്നതിനായി നിലവിലുള്ള ഉത്തരവ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) & (ഡി) പ്രസ്തുത പ്രശ്നം മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ പരിഹരിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ